# Athmaraksha.org

വിശുദ്ധരുടെ ജീവചരിത്രം

## സ്നേഹത്തിന്റെ വെള്ളരിപ്രാവ് - വിശുദ്ധ കൊച്ചുത്രേസ്യ



സ്നേഹത്തിന്റെ വെള്ളരിപ്രാവിനെപ്പറ്റി കേൾക്കാത്തവരാരുമില്ല. ഈ സഹസ്രാബ്ദത്തിലെ സുവിശേഷപ്രഘോഷണത്തിലെ പുത്തൻ പ്രതീക്ഷയായി അവൾ ഉദയം ചെയ്തു. അവളുടെ അവസാന വാക്കുകൾ അവളുടെ ജീവിതം തന്നെയായിരുന്നു. ''എന്റെ ദൈവമേ ഞാൻ അങ്ങേയെ സ്നേഹിക്കുന്നു.''വിശുദ്ധൻ ഒരിക്കലും മരിക്കുന്നില്ല. നമ്മുടെ പ്രതീക്ഷയായി അവർ എന്നും നമ്മുടെ മനസ്സിൽ ജീവിക്കുന്നു.-കൊച്ചുത്രേസ്യയും.

### മാർട്ടിൻ കുടുംബം

ഫ്രാൻസിലെ അലൻസോൺ എന്ന ഗ്രാമത്തിലെ ഒരു കൊച്ചു കുടുംബമായിരുന്നു 'മാർട്ടിൻ കുടുംബം' അവിടുത്തെ സൽസ്വഭാവിയും സുന്ദരനുമായ ചെറുപ്പക്കാരനായിരുന്നു ലൂയി മാർട്ടിൻ. ഇരുപതാമത്തെ വയസ്സിൽ ബനഡിക്ടൻ ആശ്രമത്തിൽ സന്യാസപരിശീലനത്തിന് ചേർന്നുവെങ്കിലും ലത്തീൻഭാഷ പഠിക്കുന്നത് ബുദ്ധിമുട്ടായപ്പോൾ വീട്ടിലേക്ക് തിരികെ പോന്നു.

### സെലിഗ്വരിൻ

സെലിഗ്വരിന്റെ പിതാവ് ഒരു പട്ടാളക്കാരനായിരുന്നു. ചെറുപ്പം മുതലേ ഒരു കന്യാസ്ത്രീയാകാൻ അവൾ ആഗ്രഹിച്ചു. ഈ ആഗ്രഹത്തോടെ 'ഉപവികളുടെ സഹോദരിമാരുടെ' മഠത്തിൽ ചെന്നുവെങ്കിലും വിവാഹജീവിതമാണ് സെലിഗ്വരിന്റെ വിളി എന്നു മനസ്സിലാക്കിയ മഠാധിപ അവളെ തിരികെയയച്ചു. കണിശപ്രകൃതക്കാരനായ അച്ഛനിൽ നിന്ന് അനുഭവിക്കേണ്ടിവന്ന കഷ്ടതയിൽ നിന്ന് രക്ഷപ്പെടുവാനായി അവൾ ലെയ്സ് നിർമ്മാണം തുടങ്ങി. തന്റെ ദൈവവിളി മനസ്സിലാക്കിയ അവൾ തനിക്ക് കിട്ടുന്ന ഭർത്താവ് ഒരു ദൈവവിശ്വാസിയായിരിക്കണമെന്നും, ദൈവം തരുന്ന കുഞ്ഞുങ്ങളെ ദൈവത്തിനായി സമർപ്പിക്കാൻ ഇടയാക്കുന്നതിനും വേണ്ടി യൗവ്വനനാളിൽ തന്നെ പ്രാർത്ഥിച്ചു തുടങ്ങി. ദൈവത്തിന്റെ പ്രത്യേക പരിപാലനയാൽ ലൂയിമാർട്ടിൻ ഒരിക്കൽ അടുത്തുള്ള പുഴയിൽ ചൂണ്ടയിടാനായി പോകുന്ന വഴി ഒരു പാലത്തിനടുത്തുവെച്ച് സെലിഗ്വരിനെ കാണുവാനിടയായി താൻ ആഗ്രഹിച്ച ഗുണവിശേഷങ്ങൾ സെലിഗ്വരിനിൽ കണ്ടെത്തിയ മാർട്ടിൻ അവളെ വിവാഹം കഴിക്കാൻ ആഗ്രഹിച്ചു. 1858 ജൂലൈ 12-ാം തിയ്യതി അലൻസോണിലെ നോട്ടർഡാം ദേവാലയത്തിൽ വെച്ച് ലൂയിമാർട്ടിനും സെലിഗ്വരനും വിവാഹിതരായി.

## കൊച്ചുറാണിയുടെ ജനനം

1873 ജനവരി 2-ാം തിയ്യതി വെള്ളിയാഴ്ച ലൂയിമാർട്ടിന്റെയും സെലിഗ്വരിന്റെയും 9-മത്തെ സന്താനമായി ഒരു പെൺകുഞ്ഞ് ജനിച്ചു. ജനന സമയത്ത് കുഞ്ഞിന്റെ ആരോഗ്യനില വളരെ മോശമായിരുന്നു. അതുകൊണ്ട് ജനവരി 4-ാം തിയ്യതി തന്നെ മാമ്മോദീസ നൽകി. കുഞ്ഞിന് മരിയ ഫ്രാൻസുവാസ് തേരേസ എന്ന പേരിട്ടു. മാതാപിതാക്കൾക്ക് മാതാവിനോടുള്ള പ്രത്യേക തീഷ്ണതകൊണ്ടാവാം മക്കൾക്ക് പരിശുദ്ധ അമ്മയുടെ പേര് നൽകിയത്. എങ്കിലും അപ്പച്ചൻ തന്റെ മുത്തിനെ 'കൊച്ചുറാണി' എന്നു വിളിച്ചു. സെലിഗ്വരിന് അർബുധത്തിന്റെ ലക്ഷണങ്ങൾ കണ്ടുതുടങ്ങി. അവളുടെ ആരോഗ്യനില വഷളായിക്കൊണ്ടിരുന്നു. അതിനാൽ കൊച്ചുറാണിയെ റോസ് തെയ്യ എന്നുപേരുള്ള ഒരു ആയയുടെ ഭവനത്തിലാക്കി. ഒരു വർഷം അവൾ അവിടെയാണ് വളർന്നത്. റോസ് തന്റെ കുഞ്ഞുങ്ങളോടൊപ്പം കൊച്ചുറാണിയെയും മുലയൂട്ടി വളർത്തി. അങ്ങനെ ഒരു വർഷംകൊണ്ട് അവൾ ആരോഗ്യവതിയായി.

## കൊച്ചുറാണിയുടെ സഹോദരിമാർ

വിവാഹിതയാകുന്നതിന് മുമ്പുള്ള സെലിഗ്വരിന്റെ പ്രാർത്ഥന ദൈവം കേട്ടു. എനിക്ക് ധാരാളം മക്കളെ തരണമേ! അവരെയെല്ലാം അങ്ങേക്ക് സമ്മർപ്പിക്കാൻ ഇടയാക്കണമേ!. ദൈവം അവരുടെ ദാമ്പര്യവല്ലരിയിൽ ഒൻപത് മക്കളെ നൽകി. മരിയലൂയി, മരിയ പൗളിൻ, മരിയ ലയോനി, മരിയ ഹെലൻ, മരിയ ജോസഫ്, ജോൺ ബാപ്റ്റിസ്റ്റ്, മരിയ സെലിൻ, മരിയ മെലാനി, ത്രേസ്യാ, മരിയ ഫ്രാൻസുവാസ്, തേരേസ; ഇവരിൽ നാലുപേർ ജനിച്ച് അധികനാൾ കഴിയുന്നതിനു മുമ്പ് തന്നെ മരിച്ചു. ആരോഗ്യം വീണ്ടെടുത്ത കൊച്ചുറാണിയെ റോസ് തെയ്യയുടെ ഭവനത്തിൽനിന്നും തിരികെ കൊണ്ടുവന്നു, ചേച്ചിമാരെ കൊച്ചുറാണിക്ക് വലിയ ഇഷ്ടമായിരുന്നു. ചേച്ചിമാരാകട്ടെ തങ്ങളുടെ കുഞ്ഞനുജത്തിയെ കൊഞ്ചിക്കുവാൻ മത്സരിച്ചു. കുഞ്ഞുനാൾ മുതൽ പൗളിൻ ചേച്ചിയായിരുന്നു കൊച്ചുറാണിയുടെ ആദർശം. പൗളിൻ ചേച്ചി കന്യാസ്ത്രീയാകുമെന്ന് ആരൊക്കെയോ പറയുന്നത് കേട്ടു. ഒരിക്കൽ അവളും 'പറഞ്ഞു ഞാനും ഒരു കന്യാസ്ത്രീയാകും'.

## അമ്മച്ചിയുടെ മരണം

കൊച്ചുറാണിയുടെ ബാല്യകാലത്തിലെ കൂട്ടുകാരിയായിരുന്നു സെലിൻ. മൂന്നര വയസ്സ് വിത്യാസം ഉണ്ടായിരുന്നെങ്കിലും ഉറ്റകൂട്ടുകാരെപ്പോലെയായിരുന്നു ഇവർ. അവർ ഒറ്റക്കിരിക്കുമ്പോൾ പലപ്പോഴും ആത്മീയ കാര്യങ്ങളെപ്പറ്റി സംസാരിക്കും. ഒരിക്കൽ സെലിൻ കൊച്ചുത്രേസ്യയോട് ചോദിച്ചു. "ഇത്ര വലിയ ഓസ്തിയിൽ ദൈവം എങ്ങനെയാണ് വസിക്കുന്നത്"? കൊച്ചുറാണിയുടെ ഉത്തരം ഇതായിരുന്നു. ദൈവം സർവ്വശക്തനായതുകൊണ്ട് എങ്ങനെ വേണമെങ്കിലും വസിക്കാം. സെലിൻ ചോദിച്ചു. എന്താണ് സർവ്വശക്തൻ എന്നു പറഞ്ഞാൽ? അവൾ പറഞ്ഞു ഇഷ്ടമുള്ളതെല്ലാം ചെയ്യാൻ കഴിവുള്ളവൻ. ഞായറാഴ്ചകളിൽ സെലിൻ പള്ളിയിൽ പോയി വരുന്നത് അവൾ നോക്കി നിൽക്കും. കുഞ്ഞുനാൾ മുതൽ കുർബ്ബാന സ്വീകരിക്കുന്നത് നല്ലതാണെന്ന ചിന്ത അങ്ങനെ അവളുടെ മനസ്സിൽ പതിഞ്ഞു. 1877 ആഗസ്റ്റ് 28 ന് സെലിഗ്വരിൻ മരിച്ചു. അവൾ അമ്മച്ചിയുടെ നെറ്റിയിൽ അവസാനം ചുംബനം നൽകി. അന്ന് കൊച്ചുറാണിക്ക് പ്രായം 4 വയസ്സും 8 മാസവും.

## കൊച്ചുറാണിയുടെ ബാല്യകാലം

സെലിഗ്വരിന്റെ മരണശേഷം 1877 നവംബർ മാസത്തിൽ ലൂയി മാർട്ടിൻ മക്കളെയുംകൊണ്ട് അലൻസോണിൽനിന്നും 50 മൈൽ അകലെയുള്ള ലിസ്യൂ എന്ന കൊച്ചു ഗ്രാമത്തിലേക്ക് താമസം മാറ്റി. അമ്മയുടെ സ്ഥാനത്തുനിന്ന് പൗളിൻ ചേച്ചി കൊച്ചുറാണിയെ പരിശീലിപ്പിക്കാൻ തുടങ്ങി. അവൾ മെല്ലെ മെല്ലെ വായിക്കാനും എഴുതാനും ആരംഭിച്ചു. സ്വർഗ്ഗം എന്നതായിരുന്നു അവൾ ആദ്യം കൂട്ടിവായിച്ച വാക്ക്. സ്ക്കൂൾ വിട്ട് നേരത്തെതന്നെ അവൾ വീട്ടിലെത്തും. അപ്പച്ചനോടും ചേച്ചിമാരോടും സ്ക്കൂളിലെ വിശേഷങ്ങളൊക്കെ പങ്കുവെയ്ക്കും. സ്ക്കൂളിൽ ഒന്നാം സമ്മാനം കിട്ടുന്നതിന് അപ്പച്ചൻ തന്റെ മുത്തിന് പ്രത്യേകം സമ്മാനങ്ങൾ കൊടുത്തിരുന്നു. അതൊക്കെ സൂക്ഷിച്ചു വെയ്ക്കുകയും അതിൽനിന്നും ഭിക്ഷ കൊടുക്കുവാനുള്ള തുക കണ്ടെത്തുകയും ചെയ്തിരുന്നു. പൗളിൻ ചേച്ചി കർമ്മല മഠത്തിൽ പ്രവേശിക്കാൻ പോകുന്നു എന്ന വാർത്ത കൊച്ചു ത്രെസ്യായെ തളർത്തി. കർമ്മല മഠത്തിലെ ജീവിതരീതിയെപ്പറ്റിയും സ്നേഹവായ്പുകളെപ്പറ്റിയും പൗളിൻ കൊച്ചനുജത്തിക്ക് വിവരിച്ചുകൊടുത്തു. തനിക്കുള്ള വാസസ്ഥലം കർമ്മല മഠമാണെന്ന് അന്നവൾ മനസ്സിൽ കുറിച്ചു. ഒരു ഞായറാഴ്ച അവൾ മഠത്തിലെത്തി മഠത്തിൽ ചേരുവാനുള്ള ആഗ്രഹം മഠാധിപയെ അറിയിച്ചു. അവളെ ശ്രവിച്ച മഠാധിപക്ക് ഒരു കാര്യം മനസ്സിലായി ഈ കുഞ്ഞിന് ദൈവവിളിയുണ്ട്. പക്ഷേ, ഒരു കുഴപ്പം പ്രായമില്ലല്ലോ. 16 വയസ്സായിട്ട് ആലോചിക്കാം.

എന്ന് അധികാരികൾ അവളെ അറിയിച്ചു. പൗളിൻ ചേച്ചിയുടെ കാർമ്മൽ പ്രവേശനം കൊച്ചുറാണിയെ ദുഃഖത്തിലാഴ്ത്തി. അവൾക്ക് തന്റെ രണ്ടാമത്തെ അമ്മയെയും നഷ്ടപ്പെടുകയാണ്. തീരാത്ത സഹനവും തുടരെയുള്ള വേർപാടുമാണ് ജീവിതം എന്ന സത്യം അവൾ വേദനയോടെ മനസ്സിലാക്കി. മനസ്സിന് ഉല്ലാസവും ശക്തിയും ലഭിക്കുന്നതിന് ബന്ധുക്കളുടെ വീട്ടിൽ പോകാൻ കിട്ടിയ അവസരങ്ങൾ ഒരു തരത്തിലും അവളെ സഹായിച്ചില്ല.

### പുഞ്ചിരിക്കുന്ന കന്യകാമാതാവ്

ഈ മാനസിക സമ്മർദ്ദങ്ങളുടെ ഫലമായി പത്താമത്തെ വയസ്സിൽ അവൾ രോഗബാധിതയായി. ഒരു ഭിഷഗ്വരനും അവളെ സുഖപ്പെടുത്താൻ കഴിഞ്ഞില്ല. ചേച്ചിമാരും അപ്പച്ചനും അവളെയോർത്ത് നന്നേ വിഷമിച്ചു. അവളുടെ ആരോഗ്യനില വഷളായി. അവർ മാതാവിന്റെ ഒരു തിരുസ്വരൂപം കൊച്ചുറാണി കിടന്നിരുന്ന മുറിയിൽ വെച്ച് അതിനുമുന്നിൽ തിരികത്തിച്ചു വെച്ച് പ്രാർത്ഥിച്ചു. അന്നു രാവിലെ അപ്പച്ചൻ തൊട്ടടുത്തുള്ള മാതാവിന്റെ ദേവാലയത്തിൽ പോയി വി. കുർബ്ബാനയിൽ സംബന്ധിച്ച് മകൾക്ക് വേണ്ടി തീഷ്ണമായി പ്രാർത്ഥിച്ചു. ഈ സമയം തന്റെ മുറിയിലുണ്ടായിരുന്ന കന്യകാമാതാവിന്റെ തിരുസ്വരൂപം അവളെ നോക്കി പുഞ്ചിരിച്ചു. അവൾ പെട്ടെന്ന് സൗഖ്യം പ്രാപിച്ചു. ഇതൊരു രഹസ്യമായി സൂക്ഷിക്കാൻ അവൾ ആഗ്രഹിച്ചു. എങ്കിലും പിന്നീട് അത് വെളിപ്പെടുത്തേണ്ടി വന്നു.

### പ്രഥമ ദിവ്യകാരുണ്യ സ്വീകരണം

മൂന്ന് വർഷത്തിനുശേഷം അവൾക്ക് രോഗസൗഖ്യം കൈവന്നു. അവൾ സ്കൂൾ ജീവിതം പുനരാരംഭിച്ചു. മരിയ ചേച്ചിയാണ് കൊച്ചുറാണിയെ ദിവ്യകാരുണ്യ സ്വീകരണത്തിന് ഒരുക്കിയതു. പൗളിൻ ചേച്ചി ഒരു കുഞ്ഞുപുസ്തകം കൊച്ചുറാണിക്ക് അയച്ചുകൊടുത്തു. അതുവായിച്ചു പഠിച്ച് അവൾ നന്നായി ഒരുങ്ങി. ഒരു നല്ല പുണ്യവതിയാകുന്നതെങ്ങനെയെന്ന് മരിയ അവളെ പറഞ്ഞു കേൾപ്പിച്ചു. പ്രഥമ ദിവ്യകാരുണ്യ സ്വീകരണത്തിന് മൂന്നുമാസം ഒരുങ്ങി. പിന്നെ ഒരാഴ്ചത്തെ ധ്യാനം കൂടാനായി ബോർഡിങ്ങിലാക്കി. അവിടെവെച്ച് ഒരുപാട് നല്ല കൂട്ടുകാരേയും അദ്ധ്യാപകരേയും അവൾക്ക് കിട്ടി. ധ്യാനത്തിന്റെ അവസാനദിനത്തിൽ അവൾ കുമ്പസാരിച്ചു. പാപങ്ങളെല്ലാം ഏറ്റുപറഞ്ഞുകഴിഞ്ഞപ്പോൾ അവൾക്കു വലിയ ആനന്ദമുണ്ടായി. 1884 മെയ് 8-ാം തീയതി അണിഞ്ഞൊരുങ്ങി അപ്പച്ചനോടും, ചേച്ചിമാരോടുമൊപ്പം ദിവ്യകാരുണ്യ ഈശോയെ സ്വീകരിക്കാൻ അവൾ ദേവാലയത്തിൽ കാത്തുനിന്നു. 'യേശുവേ വരേണമേ... രക്ഷകാ വരേണമേ...' അവൾ കൈക്കൂപ്പി നിന്നു. ഏതാനും മിനിറ്റുകൾ കഴിഞ്ഞപ്പോൾ യേശു അവളുടെ നാവിൽ വന്നു. അവൾ പതിയെ പറഞ്ഞു, ഈശോയേ ഞാനങ്ങയെ സ്നേഹിക്കുന്നു. ആദ്യകുർബ്ബാന സമയത്ത് അവളെടുത്ത തീരുമാനങ്ങളിൽ മറ്റൊന്നായിരുന്നു 'എത്രയും ദയയുള്ള മാതാവേ' എന്ന ജപം പതിവായിച്ചൊല്ലും എന്നുള്ളത്. മരണം വരെ അവളത് തുടർന്നു. പ്രഥമ ദിവ്യകാരുണ്യത്തിനുശേഷം അപ്പച്ചന്റെ കൂടെ പൗളിൻ ചേച്ചിയെ കാണാൻ അവൾ കർമ്മല മഠത്തിലെത്തി. അന്നു പൗളിന്റെ പ്രഥമ വ്രതവാഗ്ദാനമായിരുന്നു... തന്നെപ്പോലെ വെളുത്ത ഉടുപ്പിട്ട ചേച്ചി... രാത്രി എല്ലാവരും വീട്ടിലെത്തി... അവിടെ വലിയ ആഘോഷങ്ങൾ, ഒത്തിരി സമ്മാനങ്ങൾ അന്ന് കൊച്ചുറാണിക്ക് കിട്ടി. എന്നാൽ യേശുവിനെ സ്വീകരിച്ചപ്പോൾ ലഭിച്ച അത്ര സന്തോഷമൊന്നും സമ്മാനങ്ങൾ ലഭിച്ചപ്പോൾ അവൾക്കുണ്ടായില്ല.

### ചെറുപുഷ്പം

ഒരു ദിവസം ലൂയിമാർട്ടിൻ തോട്ടത്തിൽ ഉല്ലാത്തുന്ന സമയം, മതിലിൽ മുളച്ചുപൊന്തിയ ഒരു ചെറിയ ചെടി പൂവോടെ പറിച്ചെടുത്ത് കൊച്ചുറാണിക്ക് കൊടുത്തു. എന്നിട്ട് പറഞ്ഞു:- മോളെ നീയാണ് ഈ ചെറിയ വെളുത്ത പൂവ്. സ്വർഗ്ഗസ്ഥനായ പിതാവ് ഈ പൂവിനെ എന്നപോലെ നിന്നെയും കാത്തുപരിപാലിക്കും ആ പൂവ് മരണം വരെ തന്റെ പുസ്തകത്തിൽ അവൾ സൂക്ഷിച്ചിരുന്നു. അന്നുമുതൽ ചെറുപുഷ്പം എന്ന പേരിൽ അറിയപ്പെടാൻ തുടങ്ങി. മോഹം മൊട്ടിട്ടു

1987 മെയ് 20-ാം തീയതി പെന്തക്കുസ്താ തിരുനാളിൽ ഒരു നിഷ്കളയമായ പുഞ്ചിരിയുമായി കൊച്ചുറാണി അപ്പച്ചന്റെ അരികിലെത്തി. അപ്പച്ചനോട് മഠത്തിൽ ചേരുവാനുള്ള ആഗ്രഹം അവൾ അറിയിച്ചു. പ്രായക്കുറവുമൂലം തീരുമാനത്തിൽ നിന്നും പിന്മാറാൻ ലൂയി ശ്രമിച്ചെങ്കിലും അവസാനം സമ്മതിക്കേണ്ടി വന്നു. കാർമ്മലിൽ ചേരാൻ അപ്പച്ചനിൽ നിന്ന് അനുവാദം ലഭിച്ചെങ്കിലും അവളുടെ അങ്കിൾ ഇസിദോർഗ്വരിൻ നിഷേധാത്മകമായ നിലപാടാണ് സ്വീകരിച്ചത്. എന്നാൽ പ്രാർത്ഥനയിലൂടെയും പരിത്യാഗത്തിലൂടെയും അവൾ അവന്റെ മനസ്സ് മാറ്റിയെടുത്തു. ഈ സന്തോഷ വാർത്തകളുമായി പൗളിൻ ചേച്ചിയെ കാണാനായി കർമ്മല മഠത്തിൽ ചെന്നു. 21 വയസ്സാകാതെ

മഠത്തിൽ പ്രവേശിക്കാൻ സുപ്പീരിയറച്ചൻ അനുവദിക്കുകയില്ലെന്ന് പൗളിൻ തറപ്പിച്ചു പറഞ്ഞു. ലൂയിമാർട്ടിനും സെലിനുമൊത്ത് അവൾ അച്ചനെ പോയി കണ്ടു. മെത്രാൻ അനുവദിക്കുകയാണെങ്കിൽ എനിക്കു വിരോധമില്ല എന്നു സുപ്പീരിയറച്ചൻ അറിയിച്ചു.

## മെത്രാനെ കാണുന്നു

1887 ഒക്ടോബർ 31-ാം തീയതി കൊച്ചുറാണി അപ്പച്ചനുമൊത്ത് മെത്രാനെ കാണാനായി ബയോണിലേക്ക് യാത്ര തിരിച്ചു. അവിടെയെത്തി ആഗമനോദ്ദേശ്യം അറിയിച്ചു. കൊച്ചുറാണിക്ക് പ്രായക്കുറവായതിനാൽ കർമ്മല മഠത്തിലെ സുപ്പീരിയരോട് തനിക്ക് സംസാരിക്കണമെന്ന് പിതാവ് പറഞ്ഞു. സുപ്പീരിയർ നേരത്തെ തന്നെ അവളെ വിലക്കിയിരുന്നതിനാൽ ലൂയി പറഞ്ഞു:- പിതാവിൽ നിന്ന് അനുവാദം ലഭിച്ചില്ലെങ്കിൽ ഞങ്ങൾ പരിശുദ്ധ മാർപാപ്പയുടെ അടുക്കലെത്തി അനുവാദം തരാൻ അപേക്ഷിക്കും. കുഞ്ഞുമനസ്സിന്റെ നിശ്ചയദാർഢ്യം മനസ്സിലാക്കിയ മെത്രാൻ പറഞ്ഞു, പരിശുദ്ധ പിതാവിനെ കാണുന്നതാണ് നല്ലത്. 1887 നവംബർ 4-ാം തീയതി കൊച്ചുറാണി ലൂയിമാർട്ടിനും സെലിനുമൊത്ത് റോമിലേക്ക് പുറപ്പെട്ടു. ബെയോ-ലിസ്യൂ (കുസാത്ത്) രൂപതകളിൽനിന്നും ഒരു തീർത്ഥാടകസംഘം 13-ാം ലെയോ മാർപാപ്പയെ കാണുന്നതിനു വേണ്ടി റോമിൽ പോകാൻ ഒരുങ്ങുന്ന സമയമായിരുന്നു അത്. പരിശുദ്ധ പിതാവിന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലിയിൽ പങ്കെടുക്കുക എന്നതായിരുന്നു. ഈ തീർത്ഥാടകസംഘത്തിന്റെ ലക്ഷ്യം. ആ കൂട്ടത്തിലാണ് കൊച്ചുറാണിയും പോയത്. 197 പേരെ വഹിച്ച പ്രത്യേക തീവണ്ടി പാരീസിലും, ഇറ്റലിയിലും സ്വിറ്റ്സർലണ്ടിലുമുള്ള പ്രധാന സ്ഥലങ്ങളും സ്ഥാപനങ്ങളും കാണുവാൻ തീർത്ഥാടകർക്ക് അവസരമൊരുക്കി. ഈ സമൂഹത്തിൽ 67 പേർ വൈദികരും മറ്റ് ഭൂരിപക്ഷം പേർ ഉന്നതകുലജാതരുമായിരുന്നു. ഒരു മാസം നീണ്ടുനിന്ന തീവണ്ടി യാത്രയിൽ കൊച്ചുറാണിക്ക് പല ജീവിത യാഥാർത്ഥ്യങ്ങളും മനസ്സിലായി. വൈദികർക്ക് പ്രത്യേക പ്രാർത്ഥനാസഹായം ആവശ്യമാണെന്ന് അവരുടെ സംസാര രീതിയിൽ നിന്ന് അന്ന് അവൾ മനസ്സിലാക്കി. അവർ യാത്രചെയ്ത് പാദുവായിലെ വി. അന്തോണീസിന്റെ അടുക്കലെത്തി. വി. അന്തോണീസിന്റെ അഴുകാത്ത നാവ് കണ്ടു. അവിടെനിന്ന് ബോളിഞ്ഞോയിലെത്തി. വി. കത്രീനയുടെ ശരീരവും കണ്ട് യാത്ര തുടർന്നു. അങ്ങനെ നവംബർ 13-ാം തീയതി റോമിന്റെ പ്രാന്തപ്രദേശത്തെത്തി.

## പതിമൂന്നാം ലെയോ മാർപാപ്പയെ സന്ദർശിക്കുന്നു.

റോമിലെത്തി ഏഴുദിവസത്തിന് ശേഷമാണ് കൊച്ചുറാണിക്ക് മാർപാപ്പയെകാണാൻ സാധിച്ചത്. വി. കുർബ്ബാനയ്ക്ക് ശേഷം സന്ദർശകർ ഓരോരുത്തരായി പിതാവിനെ കാണുവാനായി നിൽക്കുകയാണ്. പിതാവിനെ കാണുന്നതിന് അവളുടെ ഊഴമായപ്പോൾ അവൾ ഓടിച്ചെന്ന് ആ പാദങ്ങളിൽ പിടിച്ച് ചുംബിച്ചു. എന്നിട്ട് കൈക്കൂപ്പി കരഞ്ഞുകൊണ്ട് തനിക്ക് മഠത്തിൽ ചേരണമെന്നറിയിച്ചു. പരിശുദ്ധ പിതാവിന് അവരുടെ ഭാഷ മനസ്സിലായില്ല. ആ സമയത്ത് കൂടെയുണ്ടായിരുന്ന മോൺ, റവറോണി ഇടപെട്ട് കാര്യങ്ങൾ പരിശുദ്ധ പിതാവിന് വിശദീകരിച്ചുകൊടുത്തു. അദ്ദേഹം കൊച്ചുറാണിക്ക് അനുകൂലമായി ഒന്നും സംസാരിച്ചില്ല. പരിശുദ്ധ പിതാവ് അവളെ നോക്കി പറഞ്ഞു ദൈവം തിരുമനസ്സായാൽ നീ കാർമ്മലിൽ ചേരും. വീണ്ടും പലതും പറയാൻ അവൾ ആഗ്രഹിച്ചെങ്കിലും സ്വിസ്സ് ഗാർഡുകൾ അവളെ പൊക്കിയെടുത്ത് മാറ്റിയിരുന്നു.

## കാർമ്മലിലേക്കുള്ള യാത്ര

പതിനഞ്ചു വയസ്സ് തികയാത്ത ഈ കൊച്ചുപെൺകുട്ടിയുടെ വീരപരാക്രമങ്ങൾ ഫ്രാൻസിലെ ദേശീയ പത്രങ്ങളെല്ലാം റിപ്പോർട്ട് ചെയ്തു. ധീരവനിതയെന്നാണ് മാധ്യമങ്ങൾ അവളെ വിശേഷിപ്പിച്ചത്. കൊച്ചുറാണി തന്റെ പ്രാർത്ഥനയിലൂടെ ആദ്ധ്യാത്മിക യുദ്ധം തുടർന്നുകൊണ്ടിരുന്നു. തിരിച്ചുള്ള യാത്രയിൽ മോൺ റവറോണി അവളെ ശ്രദ്ധിക്കുന്നുണ്ടായിരുന്നു. അവൾക്ക് യഥാർത്ഥത്തിൽ ദൈവവിളിയുണ്ടെന്ന് മടക്കയാത്രയിൽ അദ്ദേഹത്തിന് മനസ്സിലായി. താമസിയാതെ തന്റെ നിലപാടിൽ അദ്ദേഹം മാറ്റം വരുത്തി. വീട്ടിൽ തിരിച്ചെത്തിയ അവൾ വീണ്ടും മഠത്തിൽ ചേരാനുള്ള ആഗ്രഹത്തോടെ ബിഷപ്പിന് കത്തെഴുതി. കാർമ്മലിൽ ചേരുവാൻ അനുമതി നൽകിക്കൊണ്ടുള്ള ബിഷപ്പ് ഹ്യൂഗോനിന്റെ കത്ത് ഡിസംബർ 28-ാം തീയതി മഠാധിപക്ക് ലഭിച്ചു. ഉടനെ വലിയ നോമ്പ് ആരംഭിക്കുന്നതിനാലും നോമ്പുകാലം കൂടുതൽ തപസ്സിന്റെയും പ്രായശ്ചിത്തത്തിന്റെയും അവസരമായതിനാലും ഉയിർപ്പുതിരുനാളിനുശേഷം മഠത്തിൽചേർന്നാൽ മതിയെന്ന് ഗോൺസാഗമ പറഞ്ഞു. ഏപ്രിൽ 9-ാം തീയതി കർമ്മലമഠത്തിൽ പ്രവേശിക്കേണ്ട ദിനം, രാവിലെ വി. കുർബ്ബാനയിൽ പങ്കെടുത്തു.

അതിനുശേഷം അപ്പച്ചന്റെ കൈപിടിച്ച് കർമ്മലമഠത്തിലേക്ക് യാത്രയായി.

## കാർമ്മൽ മലകയറ്റം

സന്യാസ വിതത്തിന്റെ തുടക്കം മുതൽ അവസാനംവരെ കല്ലുകളും മുള്ളുകളുമായിരുന്നു. എങ്കിലും അധികാരികളിൽ അവൾ ക്രൂശിതനായ കർത്താവിനെ ദർശിച്ചു. 1889 ജനുവരി 10-ാം തീയതിയായിരുന്നു സഭാവസ്ത്ര സ്വീകരണം. അപ്പച്ചനും ചേച്ചിയുമൊക്കെ ചടങ്ങിൽ പങ്കെടുത്തു. ഫെബ്രുവരി മാസത്തിൽ ലൂയി മാർട്ടിൻ അസുഖംമൂലം ആശുപത്രിയിൽ പ്രവേശിക്കപ്പെട്ടു. 1890 സെപ്റ്റംബർ 24 ന് കൊച്ചുറാണിയുടെ ശിരോവസ്ത്ര സ്വീകരണമായിരുന്നു. അന്ന് അധികം ആഘോഷങ്ങളൊന്നും ഉണ്ടായിരുന്നില്ല. കാരണം, അപ്പച്ചൻ ആശുപത്രിയിലാണ് വ്രതവാഗ്ദാനത്തിനു മുമ്പ് അവൾ പറഞ്ഞു ഞാൻ കാർമ്മലിൽ വന്നിരിക്കുന്നത് രണ്ടു കാര്യങ്ങൾക്ക് വേണ്ടിയാണ്. 'വൈദികരുടെ വിശുദ്ധീകരണം, ആത്മാക്കളുടെ രക്ഷ' 1894 ജൂലൈ 29-ാം തീയതി ലൂയിമാർട്ടിൻ സ്വർഗ്ഗത്തിലേക്ക് യാത്രയായി. ആ വർഷം തന്നെ അവളുടെ സെലിൻചേച്ചിയും മഠത്തിൽ ചേർന്നു.

## കുഞ്ഞുമനസ്സിന്റെ പിടിവാശി

തന്റെ ചെറിയ ആവശ്യങ്ങൾപോലും ഈശോ കാണുന്നുണ്ടെന്ന് അവൾക്കറിയാമായിരുന്നു. ഇതിന് തെളിവായി കൊച്ചുറാണി ഒരു സംഭവം പറയുന്നുണ്ട് ആ നാളുകളിൽ കുർബ്ബാനസ്വീകരണത്തിന് പകുതി ഓസ്തി മാത്രമെ കിട്ടിയിരുന്നുള്ളു. ഒരു ദിവസം അവൾ ഇങ്ങനെചിന്തിച്ചു ഇന്നും പകുതി ഓസ്തിയെ കിട്ടുന്നുള്ളു എങ്കിൽ ഈശോയ്ക്ക് തന്നോട് സ്നേഹമില്ലെന്ന് ഞാൻ കരുതും. കുർബ്ബാന സ്വീകരിക്കാൻ ചെന്നപ്പോൾ വൈദികൻ രണ്ട് ഓസ്തി ഒരുമിച്ച് കൊച്ചുറാണിക്ക് കൊടുത്തു. അവളുടെ കണ്ണ് നിറഞ്ഞുപോയി. കൊച്ചു ത്രേസ്യക്ക് 20 വയസ്സ് തികഞ്ഞപ്പോൾ നൊവിഷ്യേറ്റിലുള്ളവരുടെ സഹഗുരുനാഥയായി നിയമിതയായി. അവൾ എല്ലാവരുടേയും പ്രീതിക്ക് പാത്രമായി. എങ്കിലും കർത്തവ്യമനുഷ്ഠിക്കുന്നതിൽ നിന്നും ഒട്ടും പുറകോട്ട് പോയില്ല. എളിമപ്പെടാനുള്ള അവസരങ്ങൾ അവൾ സ്വയം കണ്ടെത്തി. ജീവിതത്തിൽ കഠിനമായ പീഡകൾ സഹിച്ചത് ദൈവസ്നേഹത്തെ പ്രതിയായിരുന്നു. എന്റെ ദൈവവിളി സ്നേഹമാണെന്ന് കൊച്ചുറാണി പറഞ്ഞു. ശിശുസഹജമായ നിഷ്കളങ്കതയോടെ ജീവിച്ച അവൾ ഉണ്ണീശോയുടെ കയ്യിലെ ഒരു കളിപന്തായി തീരാൻ ആഗ്രഹിച്ചു. ഒരു ദിവസം കൊച്ചുറാണിക്ക് വിഭവസമൃദ്ധമായ ഒരു ഭക്ഷണം കഴിക്കേണ്ടിവന്നു. എന്നാൽ അവൾ അതിൽ കയ്പ്പുള്ള ചെന്നിനായകം ചേർത്താണ് കഴിച്ചത്. കാരണം ധാരാളം ആളുകൾ നല്ല ഭക്ഷണമില്ലാതെ ചുറ്റിനുമുള്ളപ്പോൾ താനെങ്ങനെ വിഭവസമൃദ്ധമായ ഭക്ഷണം കഴിക്കും. ഉപവി പ്രവർത്തനങ്ങളിലും അവൾ മുൻപന്തിയിലായിരുന്നു. പ്രായമുള്ള രോഗികളായ സിസ്റ്റേഴ്സിനെ ശുശ്രൂഷിക്കാൻ അവൾ കൂടുതൽ ഉത്സാഹം കാണിച്ചു.

## അമ്മയിലൂടെ യേശുവിലേക്ക്

ഒരു നല്ല മരിയ ഭക്തയായിരുന്ന കൊച്ചുത്രേ്യസ്യ അമ്മവഴി യേശുവിലേക്ക് വളരുകഎന്നതായിരുന്നുഅവളുടെ നയം. മിക്കപ്രാർത്ഥനകളും കന്യകമാതാവിന്റെ മുമ്പിൽ അവതരിപ്പിച്ച് അമ്മവഴി ദൈവത്തിങ്കലേക്ക് അടുക്കുക എന്ന എളുപ്പവഴിയാണ് മിക്കപ്പോഴും അവൾ സ്വീകരിച്ചത്. അവളുടെ ജീവിതം മുഴുവൻ കന്യകാമാതാവിനോട് കടപ്പെട്ടിരുന്നല്ലോ. പരിശുദ്ധ അമ്മയോട് അവൾക്കെന്നും സ്നേഹമായിരുന്നു. മാതാവിന്റെ കാശു രൂപം അവൾ കഴുത്തിൽ ധരിച്ചിരുന്നു. തനിക്ക് ഇഷ്ടപ്പെട്ടവർക്ക് അത് സമ്മാനമായി നൽകുകയും അത് കഴുത്തിൽ ധരിക്കാൻ അവരെ പ്രേരിപ്പിക്കുകയും ചെയ്തിരുന്നു. വീട്ടിൽ വെച്ച് ആരംഭിച്ച ജപമാലഭക്തി മരണം വരെ അവൾ പിന്തുടർന്നു. ജപമാലധരിക്കുന്നതിന്റെയും ചൊല്ലുന്നതിന്റെയും പ്രാധാന്യത്തെപ്പറ്റി പറഞ്ഞുകൊടുക്കുകയും ചെയ്തു. മാതാവിനോടുള്ള വണക്കത്തെക്കുറിച്ച് അവൾ തന്റെ കസിന് ഇപ്രകാരം എഴുതി. മറിയത്തെ അധികം സ്നേഹിച്ചുപോയി എന്നോർത്ത് ഭയപ്പെടേണ്ട. അവൾ അർഹിക്കുന്ന രീതിയിൽ അവളെ സ്നേഹിക്കാൻ നമുക്കൊരിക്കലും സാധിക്കില്ല. അവളുടെ ജീവിതം മുഴുവൻ മാതാവുമായി ബന്ധപ്പെട്ടതായിരുന്നു. 1888-ൽ മംഗളവാർത്ത തിരുനാളിലാണ് അവൾ മഠത്തിൽ പ്രവേശിച്ചത്. കാരുണ്യമാതാവിന്റെ തിരിനാൾ ദിനത്തിൽ സഭാവസ്ത്രം സ്വീകരിച്ചു. മാതാവിന്റെ ജനന ദിനത്തിൽ അവൾ വ്രതവാഗ്ദാനം നടത്തി.

## കുറുക്കുവഴി

ആദ്ധ്യാത്മിക ശിശുത്വമാണ് എന്റെ കുറുക്കുവഴി എന്ന് കൊച്ചുറാണിപറഞ്ഞു. കുഞ്ഞുങ്ങളെപ്പോലെ

ആയിരിക്കുക അവരെപ്പോലെ എല്ലാവരെയും സ്നേഹിക്കുക... മാതാപിതാക്കൾ കൂടെയുണ്ടെങ്കിൽ കുട്ടികൾക്ക് വലിയ ധൈര്യമാണ്. അവർ ആവശ്യമുള്ളതെല്ലാംതരും, വീഴുമ്പോൾ താങ്ങും...അങ്ങനെ യാതൊരു ടെൻഷനുമില്ലാത്ത ജീവിതമാണ് ശിശുവിന്റേത്. അതിന് സമാനമായിരുന്നു കൊച്ചുറാണി. അവൾ ഏറ്റവുംമധികം ആഗ്രഹിച്ചത് ഈശോയെ സ്വന്തമാക്കാനാണ്. ഒരിക്കൽ സെലിൻ അവളെ സന്ദർശിച്ചു. അപ്പോൾ അവൾ ധ്യാനത്തിൽ മുഴുകിയിരിക്കുന്നത് കണ്ടു. പിന്നീട് അതിനെപ്പറ്റി അന്വേഷിച്ചപ്പോൾ കിട്ടിയ ഉത്തരം അത്ഭുതാവഹമായിരുന്നു. യേശു പഠിപ്പിച്ച സ്വർഗ്ഗസ്ഥനായ പിതാവേ എന്ന പ്രാർത്ഥനെക്കുറിച്ചാണ് അവൾ ധ്യാനിച്ചുകൊണ്ടിരുന്നത്. ദൈവത്തെ പിതാവായി അംഗീകരിക്കുകയും അങ്ങനെ പ്രാർത്ഥിക്കുന്നതിൽ ആനന്ദം കണ്ടെത്തുകയും ചെയ്തിരുന്നു.

## ഈശോയുടെ തിരുമുഖം

ഈശോയുടെ തിരുമുഖത്തോട് കൊച്ചുറാണിക്ക് പ്രത്യേകഭക്തി ഉണ്ടായിരുന്നു. ധാരാളം പുണ്യങ്ങൾ അവളിലുണ്ടായിരുന്നെങ്കിലും ഏറ്റവും ഇഷ്ടമായത് തിരുമുഖത്തോടുള്ള ഭക്തിയാണ്. വേദനയുടേയും ദുഃഖത്തിന്റെയും നടുവിൽ കരുണയും സ്നേഹവും വാത്സല്യവും പൊഴിക്കുന്ന ഈശോയുടെ മുഖം. ആത്മാക്കളെ രക്ഷിക്കണമെന്ന ആഗ്രഹം ഉടലെടുത്തത് ഈ തിരുമുഖ ഭക്തിയിൽ നിന്നാണ്.

## വി. കുർബ്ബാനയും കൊച്ചുറാണിയും

പ്രത്യേകമായി എന്തെങ്കിലും പുതിയ കാര്യം ഏറ്റെടുക്കേണ്ടിവരുമ്പോൾ അവൾ വി. കുർബ്ബാന ചൊല്ലിച്ച് പ്രാർത്ഥിച്ചിരുന്നു. വിശേഷാവസരങ്ങളിലും മറ്റേതെങ്കിലും അവസരങ്ങളില്ലോ ആരെങ്കിലും പണം കൊടുത്താൽ അത് പാപികൾക്കും, ശുദ്ധീകരണസ്ഥലത്തിലെ ആത്മാക്കൾക്കും വേണ്ടി വിശുദ്ധ കുർബ്ബാന ചൊല്ലിക്കാൻ കൊടുത്തിരുന്നു. ആത്മാക്കളെ രക്ഷിക്കുവാനുള്ള ഒരു നല്ല മാർഗ്ഗമായി അവൾ ഇതിനെ കണ്ടു.

## സ്നേഹത്തിന്റെ വെള്ളരിപ്രാവ്

ഈ നാളുകളിൽ ക്ഷയരോഗം കൊച്ചുറാണിയുടെ കുടലുകളെ പിടികൂടി. ശരീരം മുഴുവൻ വേദന, ഛർദ്ദിയും, പനിയും എങ്കിലും പതിവനുസരിച്ചുള്ള പ്രാർത്ഥനകളിലും അനുഷ്ഠാനങ്ങളിലും അവൾ പങ്കുചേർന്നു. അവളെ ഒരു വലിയ രോഗിയായി ആരും കരുതാത്തതിനാൽ പ്രത്യേക പരിരക്ഷയൊന്നും കിട്ടിയില്ല. 1897ലെ ദുഃഖവെള്ളിയാഴ്ച്ച അവൾ ഒത്തിരി ഛർദ്ദിച്ചു. കർത്താവിന്റെ മരണദിനത്തിൽ കർത്താവിനോട് കൂടുതൽ ഐക്യപ്പെടുന്നതായി അവൾക്ക് തോന്നി. ദിവസങ്ങൾ കഴിഞ്ഞുപോയി. കൊച്ചുറാണിക്ക് അസുഖം കലശലായി. കൂടെക്കൂടെ രക്തം ഛർദ്ദിക്കാൻ തുടങ്ങി. അവൾ മരണത്തിന് നന്നായി ഒരുങ്ങി-കുമ്പസാരിച്ചു. ജൂലൈ 28-ാം തിയതി കൊച്ചുറാണിയെ പ്രത്യേക മുറിയിലാക്കി. സ്വർഗ്ഗത്തിൽ എത്തുന്നതാണ് ഇനി തന്റെ ആനന്ദം എന്നവൾ വെളിപ്പെടുത്തി. 1897 ഓഗസ്റ്റ് 19-ാം തിയതി അവൾ അവസാനമായി ദിവ്യകാരുണ്യ സ്വീകരണം നടത്തി.

## വെള്ളരിപ്രാവ് സ്വർഗ്ഗത്തിലേക്ക്

1897, വേദനകളെ പുഷ്പങ്ങളാക്കിമാറ്റിയ വെള്ളരിപ്രാവ് സ്വർഗ്ഗസ്ഥനായ നാഥന്റെ പക്കലേക്ക് പറന്നുയർന്നു. സെപ്റ്റംബർ 30 നായിരുന്നു അത്. ഒക്ടോബർ മാസം 4-ാം തിയതിയായിരുന്നു മൃതസംസ്ക്കാരം. അധികം ആരും അറിയാത്ത മൃതസംസ്ക്കാരത്തിൽ ഏകദേശം മുപ്പതോളം പേർ പങ്കെടുത്തു. ലിസ്യൂവിലെ പൊതുശ്മശാനത്തിൽ നിന്ന് കർമ്മല മഠം വാങ്ങിയ പ്രത്യേക സ്ഥലത്ത് അവൾ സംസ്ക്കരിക്കപ്പെട്ടു. ചെറുപ്പം മുതലേ കുഞ്ഞനുജത്തിയുടെ ചലനങ്ങൾ മനസ്സിലാക്കിയ ചേച്ചിമാർ പറഞ്ഞു തീർച്ചയായും ഇവളൊരു വിശുദ്ധയാകും. അവളുടെ കബറിടത്തിങ്കൽ തിരികളെരിയാൻ തുടങ്ങി!.

## ലോകം ഉണരുന്നു

ഇരുപതാം നൂറ്റാണ്ട് പിറന്നു. മരണം വരെ അധികമാരും അറിയാതിരുന്ന കൊച്ചുറാണി മരണശേഷം ലോകമെങ്ങും അറിയപ്പെടാൻ തുടങ്ങി. അവളുടെ ശവകുടീരത്തിൽ ജനപ്രവാഹമായി അവിടെ മെഴുകുതിരികൾ കത്തിജ്വലിച്ചു. അവളുടെ മദ്ധ്യസ്ഥതയിൽ രോഗശാന്തികളുണ്ടായി. കേട്ടവർ കേട്ടവർ അങ്ങോട്ടോടിയെത്തി.

## വിശുദ്ധ പദവിയിലേക്ക്

കാലചക്രം ഉരുണ്ടു. 1908 മെയ് മാസത്തിൽ കൊച്ചുറാണിയുടെ നാമകരണ നടപടികൾ ആരംഭിക്കാൻ രൂപതാദ്ധ്യക്ഷൻ സമ്മതം മൂളി. അതിന്റെ ആദ്യപടി എന്ന നിലയിൽ കൊച്ചുറാണി എഴുതിയ എല്ലാ ലിഖിതങ്ങളും പരിശോധിക്കാൻ മാർപാപ്പ കല്പന പുറപ്പെടുവിച്ചു. 1910 സെപ്റ്റംബർ 6-ാം തിയതി അവളുടെ കല്ലറ തുറന്ന് ഭൗതികാവശിഷ്ടങ്ങൾ ലിസ്യൂവിലെ സെമിത്തേരിയിൽ നിന്നും മാറ്റി അടക്കം ചെയ്തു. ഈ കാലഘട്ടത്തിൽ സഭയെ നയിച്ച വി. പത്താം പിയൂസും ബനഡിക്ട് അഞ്ചാമൻ മാർപാപ്പയും അവളുടെ ജീവിതചര്യകങ്ങളെയും പുണ്യങ്ങളെയും വിരോചിതമായി പ്രഖ്യാപിച്ചു. ഏറെനാളത്തെ കാത്തിരിപ്പിനുശേഷം ആ സുദിനം വന്നു. 1923 ഏപ്രിൽ 29 ന് 11-ാം പിയൂസ് മാർപാപ്പ കൊച്ചുത്രേസ്യയെ ധന്യ എന്നു നാമകണം ചെയ്തു. തിരുസഭാഭരണത്തിൽ തനിക്ക് മാർഗ്ഗനിർദ്ദേശം നൽകുന്ന ശുഭനക്ഷത്രമാണ് കൊച്ച റാണിയെന്ന് പതിനൊന്നാം പിയൂസ് മാർപാപ്പ അവളെ വിശേഷിപ്പിച്ചു. 1923 ൽ അവളെ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിച്ചു. 1925 മെയ് 17-ാം തിയതി വിശുദ്ധ എന്നു നാമകരണം ചെയ്തു. അന്നുമുതൽ കൊച്ചുത്രേസ്യ വിശുദ്ധ കൊച്ചുത്രേസ്യ എന്നറിയപ്പെട്ടു. മരിച്ചടക്കിന് മുപ്പതോളം പേരാണ് പങ്കെടുത്തതെങ്കിലും വശുദ്ധനായി പ്രഖ്യാപിച്ച അന്ന് സെന്റ് പീറ്റേഴ്സ് സ്ക്വയറിൽ സൂചികുത്താൻ ഇടമില്ലായിരുന്നു. ആ വർഷം ജൂലൈ മാസത്തിൽ തന്നെ വി. കൊച്ചുത്രേസ്യായെ വേദപ്രചാരങ്ങളുടെ മദ്ധ്യസ്ഥയായി മാർപാപ്പ പ്രഖ്യാപിച്ചു. ലോകമെങ്ങും സുവിശേഷം പ്രഘോഷിക്കുന്ന വചന ശുശ്രൂഷകർക്ക് അവൾ കെടാവിളക്കായി മാറി. എല്ലാ വർഷവും ഒക്ടോബർ മൂന്നാം തിയതി വി. കൊച്ചുത്രേസ്യയുടെ തിരുനാൾ ആഘോഷിക്കാൻ സഭ തീരുമാനമെടുത്തു.

## മൂന്നാമത്തെ വനിതാ വേദപാരംഗത

1927 ഡിസംബർ 14 ന് വി. കൊച്ചുത്രേസ്യായെ അഖിലലോക മിഷന്റെ മദ്ധ്യസ്ഥനായായി മാർപാപ്പ പ്രഖ്യാപിച്ചു. അത് വിശുദ്ധ ഫ്രാൻസിസ് സേവ്യറിന്റെ തിരുനാൾ ദിനമായിരുന്നു. വിശുദ്ധ കൊച്ചുത്രേസ്യയും വിശുദ്ധ ഫ്രാൻസിസ് സേവ്യറുമാണ് അഖിലലോക മിഷൻ പ്രവർത്തനങ്ങളുടെ മദ്ധ്യസ്ഥർ. ഒരാൾ കടൽകടന്നുവന്ന് സുവിശേഷം പ്രസംഗിച്ചു. അടുത്തയാൾ ജീവിത വിശുദ്ധിയിലൂടെ മഠത്തിലിരുന്ന് ക്രിസ്തുവിനെ പ്രഘോഷിച്ചു. വർഷങ്ങൾ കടന്നുപോയി 1944-ൽ കൊച്ചുത്രേസ്യായെ ഫ്രാൻസിന്റെ രണ്ടാമത്തെ മദ്ധ്യസ്ഥയായി മാർപാപ്പ പ്രഖ്യാപിച്ചു. 1997 ഒക്ടോബർ 19-ാം തിയതി ജോൺ പോൾ രണ്ടാമൻ മാർപാപ്പ വി. കൊച്ചുത്രേസ്യായെ സാർവ്വത്രിക സഭയുടെ മൂന്നാമത്തെ വനിതാ വേദപാരംഗതയായി പ്രഖ്യാപിച്ചു. അവൾ ഇന്ന് സഞ്ചരിക്കുകയാണ്... ലോകം മുഴുവൻ... സർവ്വമനുഷ്യരുടെയും ഇടയിലൂടെ... തിരുശേഷിപ്പ് അടക്കം ചെയ്ത പേടകത്തിൽ... സഭയെ പഠിപ്പിച്ചുകൊണ്ട്...

വിശുദ്ധ കൊച്ചുത്രേസ്യ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ...